➪ ആം ആദ്മിയും പാർട്ടിയുടെ ബദൽ സാന്നിദ്ധ്യത്തെ അവലോകനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത് ➪

# നവദേശീയരാഷ്ട്രീയത്തിന്റെ സാദ്ധ്യതയും പരിമിതിയും


**ഡോ. എം.വി. ബിജുലാൽ**

(അധ്യാപകൻ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം)


**അഴിമതിക്കെതിരായ** ജനമുന്നേറ്റങ്ങളുടെ വ്യത്യസ്ത മാതൃകകളാണ് ലോകത്തിന്റെ പല സ്ഥലങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവരുന്നത്. പട്ടിണിയുടെയും തൊഴിലില്ലായ്മയുടെയും കാരണമായി പതിറ്റാണ്ടുകളുടെ ദുർഭരണത്തിന്റെ നേതാക്കളെ ഉയർത്തിക്കാട്ടുകയും തെരുവുസമരത്തിന്റെ രാഷ്ട്രീയശക്തിയിലൂടെ പുറത്താക്കുകയും ചെയ്ത അറബ് രാഷ്ട്രീയ ചലനവും, അമേരിക്ക അടക്കമുള്ള സ്ഥലങ്ങളിലെ സ്വത്തുകേന്ദ്രീകരണത്തിനും, തൊഴിലവകാശ നിഷേധത്തിനെതിരായുമുള്ള സമരങ്ങളും, ജനമുന്നേറ്റങ്ങളുടെ സാധ്യതയാണ് ചൂണ്ടിക്കാട്ടുന്നത്. അഴിമതിവിരുദ്ധ സമരങ്ങളുടെ ഇന്ത്യൻ രൂപത്തിൽ, അഴിമതി നിരോധന നിയമനിർമ്മാണം എന്ന മുഖ്യലക്ഷ്യത്തിലൂന്നിയ അണ്ണാ സമരവും, ശേഷം രൂപീകരിക്കപ്പെട്ട ആം ആദ്മി പാർട്ടിയും പരിമിതമായ ഒരിടത്തിൽ (ദൽഹി) നടത്തിയ ചലനം, അഴിമതിവിരുദ്ധ നവദേശീയതയുടെ വ്യത്യസ്ഥ രൂപങ്ങളായി കണ്ടുകൊണ്ടുവേണം ഇവ രണ്ടിന്റെയും (വിശേഷിച്ച് ആം ആദ്മി പാർട്ടിയുടെ) രാഷ്ട്രീയ ബദൽ സ്വഭാവത്തെ കണക്കാക്കാൻ. നവദേശീയതകൾ ഏകാധിപത്യ ഭരണരൂപങ്ങളായി പരിണമിക്കുകയോ, സാമ്രാജ്യത്വ ആക്രമണത്താൽ നശിക്കുകയോ ചെയ്ത ലോകരാഷ്ട്രീയത്തിലെ കഴിഞ്ഞ നൂറ്റാണ്ടിലെ ഉദാഹരണങ്ങൾ കൂടി ആനുഷംഗികമായി ഇവിടെ ഓർക്കേണ്ടതുണ്ട്.

ആം ആദ്മി പാർട്ടിയുടെ സാമൂഹ്യ പിന്തുണയും, പ്രധാന രാഷ്ട്രീയകക്ഷികൾ ആ പാർട്ടിയോട് സ്വീകരിച്ച വിഭിന്ന നിലപാടുകളും (എഴുതിത്തള്ളുന്നതു മുതൽ വോട്ടു കൊടുക്കരുത് എന്ന് പറയുന്നതുവരെ) ആം ആദ്മി ഗവൺമെന്റ് നടപ്പിലാക്കിയ ആദ്യ നടപടികളും, ജനാധിപത്യപരമല്ലാത്ത പ്രവർത്തനരീതികൾകൊണ്ട് ആ പാർട്ടിക്ക് ഏൽക്കേണ്ടിവന്ന നിശിത വിമർശനങ്ങളും കൂട്ടിവായിക്കുമ്പോൾ തെളിയുന്ന നിരീക്ഷണങ്ങളിലൂടെ ആം ആദ്മിയും പാർട്ടിയുടെ ബദൽ സാന്നിദ്ധ്യത്തെ അവലോകനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഭവനരഹിതരെയും, കുഷ്ഠരോഗികളെയും, വികസന പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട ഇരകളേയും, അവഗണനകൾക്കെതിരെയുള്ള പ്രതിഷേധമായി വോട്ടെടുപ്പ് ബഹിഷ്ക്കരിച്ച ഗ്രാമങ്ങളെയും തങ്ങളുടെ പുതുരാഷ്ട്രീയത്തിന്റെ സമർത്ഥകരാക്കി മാറ്റുന്നതിന് ആം ആദ്മി പാർട്ടിയെ സഹായിച്ച ഘടകങ്ങൾ കോൺഗ്രസ് വിരുദ്ധ–ബി.ജെ.പി വിരുദ്ധ–ജനകീയ നിലപാടുകൾ തന്നെയായിരുന്നു. ആം ആദ്മി പാർട്ടിയുടെ സംഘടനാബലവും പ്രചരണരീതികളും സ്ഥാനാർത്ഥി നിർണ്ണയത്തിലുൾപ്പെടെ കാട്ടിയ വിവിധ സാമ്പത്തിക–സാമൂഹിക വിഭാഗങ്ങളുടെ ഉൾച്ചേർക്കലും സവിശേഷമായിരിക്കെത്തന്നെ ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട കോൺഗ്രസ് പാർട്ടിക്കും (തൊഴിലില്ലായ്മ, വിലക്കയറ്റം, കുടിയൊഴിപ്പിക്കൽ, സ്ത്രീ സുരക്ഷയില്ലായ്മ, സ്ത്രീകൾക്കെതിരായ അക്രമം) പരിമിത രാഷ്ട്രീയ അജണ്ടമാത്രമുള്ള ബി.ജെ.പിക്കും നേരിട്ട തിരിച്ചടിയായി തന്നെ വേണം ഡൽഹി തെരഞ്ഞെടുപ്പ് ഫലത്തെ നോക്കിക്കാണാൻ. ഇന്നേവരെ തെരഞ്ഞെടുപ്പിൽ തോൽവിയറിഞ്ഞിട്ടില്ലാത്ത സമാരാദ്ധ്യരായ കോൺഗ്രസ് നേതാക്കൾ (വിശേഷപ്പെട്ടവർ - ഖാസ്) സാധാരണ (ആം) ക്കാരായ പുതുരാഷ്ട്രീയക്കാരാൽ  തോൽപ്പിക്കപ്പെടുന്നത് ഏറെ ശ്രദ്ധേയമായി. നരേന്ദ്രമോഡി പ്രചരണം തുടങ്ങി വച്ച രോഹിണി മണ്ഡലത്തിൽ ബി.ജെ.പി.ക്ക് കഴിഞ്ഞ തവണയെക്കാൾ രണ്ടു ശതമാനത്തോളം വോട്ടു കുറഞ്ഞു എന്നതും ശ്രദ്ധേയമാണ്.

ദൽഹിയിലെ 250 ഓളം നഗരഗ്രാമങ്ങളിലും (urban villages) അവശേഷിക്കുന്നതും ചിതറിപ്പോയതുമായ ആയിരത്തിലേറെ ചേരികളിൽ താമസിക്കുന്നവരും സാധാരണ രീതിയിൽ ബലപ്രയോഗത്തിനോ പ്രലോഭനങ്ങൾക്കോ വഴങ്ങി വോട്ടുചെയ്തിരുന്ന അവസ്ഥയ്ക്ക് വിരാമമിട്ടത് ചൂലുകാരുടെ (ഝാഡുവാലേ) സാന്നിദ്ധ്യമാണ്. മറ്റൊരർത്ഥത്തിൽ, ഉത്തര-മദ്ധ്യ ഇന്ത്യയിൽ വ്യാപകമായ ഗ്രാമീണ ഇരപിടുത്ത (Rural Predator Class) വർഗ്ഗത്തിന്റെ മറ്റൊരു രൂപം ഇന്ത്യയുടെ തല

➪ ഈ നിയമമെല്ലാം നിലവിലുണ്ടായിരുന്നിട്ടാണ് വികസന അതിക്രമങ്ങൾ നടന്നത് എന്നത് പ്രത്യേകം ഓർക്കണം ➪



സ്ഥാനനഗരിയിൽ സജീവമായിരുന്ന സാഹചര്യം ആം ആദ്മി പാർട്ടിയുടെ വരവോടെ താൽക്കാലികമായെങ്കിലും തടയപ്പെട്ടു. ഇന്ത്യൻ രാഷ്ട്രീയ പ്രക്രിയയിൽ (ഇലക്ഷനിൽ പ്രധാനമായും) മർദ്ദിത വിഭാഗങ്ങൾ ഒഴിവാക്കപ്പെടുന്ന സാഹചര്യത്തിന്റെ നേരിയ ബദൽ സാദ്ധ്യതയായിവേണം ഇതിനെ കാണാൻ.

അനധികൃതകോളനികളിലും, പുനരധിവാസകോളനികളിലും കഴിയുന്നവരുടെ കാര്യവും ഏറെ വിഭിന്നമായിരുന്നില്ല. വീടും, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും, ജീവിതത്തിനാവിശ്യമായ മറ്റ് സാമൂഹ്യഘടകങ്ങളും നിയന്ത്രിക്കുന്നത് ദല്ലാൾ-ഉദ്യോഗ സംഘങ്ങളായിരുന്നു. ജനസംഖ്യയിൽ 15 ശതമാനത്തിൽ താഴെ ആളുകൾ താസമിക്കുന്ന 'വികസിത' പ്രദേശങ്ങളിൽ അമിതസൗകര്യങ്ങൾ അതിസാധാരണമായിരിക്കെ, ദിവസങ്ങളോളം വെള്ളമെത്താത്ത നഗരഗ്രാമങ്ങളും കോളനികളും ഏറെയാണ്. നഗരവികസന-നഗരസൗന്ദര്യവൽക്കരണ ശ്രമങ്ങളുടെ ഫലമായി ചേരികളിലുള്ള ഒരു ലക്ഷത്തിലേറെ വീടുകൾ തകർക്കപ്പെട്ടതും, യാതൊരു ബദൽ രക്ഷാ-പുനഃരധിവാസ നടപടികളുമില്ലാതെ, രോഗങ്ങളും പട്ടിണിയും മൂലം നിരവധി ആളുകൾ മരിച്ചതും കഴിഞ്ഞ പതിറ്റാണ്ടിലാണെന്നതും ഓർമ്മിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കോളനികളിലും ഗ്രാമങ്ങളിലുമുള്ള ഭൂരിപക്ഷ ജനതയുടെ, താമസത്തിനും തൊഴിൽചെയ്ത് ജീവിക്കുന്നതിനുമുള്ള അവകാശങ്ങളെ കേവലം തെരഞ്ഞെടുപ്പ് ബന്ധിതമായി പരിഗണിക്കുകയായിരുന്നു മുഖ്യധാരാ പാർട്ടികൾ ഇതുവരെ ചെയ്തുവന്നത്. ജീവിക്കാനും, പാർപ്പിടത്തിനുമുള്ള അവകാശം ഭരണഘടനാപരമായി നിലനിൽക്കുന്നുണ്ട്. ഈ രണ്ട് അവകാശങ്ങളും നഗര വികസന സാഹചര്യങ്ങളിൽ ഒരുപോലെ പരിഗണിച്ച്, അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിക്കാനുള്ള അവകാശം നിലനിർത്തണമെന്ന നിയമവീക്ഷണവും (OLGA TELLIS Vs STATE 1986) നിലനിൽക്കുന്നുണ്ട്. ഈ നിയമമെല്ലാം നിലവിലുണ്ടായിരുന്നിട്ടാണ് ഇത്തരം വികസന അതിക്രമങ്ങൾ നടന്നത് എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. പ്രശാന്ത് ഭൂഷണെപ്പോലെയുള്ള ചുരുക്കം ചില വക്കീലന്മാർ സ്വമനസ്സാലെ ഏറ്റെടുത്ത ചില കേസുകളുടെ വിജയം വഴിയാണ് (2005-2009) പരിമിതമായെങ്കിലും ചിലയിടങ്ങളിൽ അടിസ്ഥാന ജനതയ്ക്ക് ആശ്വാസകരമായ വിധികൾ ഉണ്ടായിട്ടുള്ളത്.

സ്വന്തം മൂൻതൂക്കത്തെ ഉപയോഗിച്ച് തങ്ങൾക്ക് അനുകൂലമായ രാഷ്ട്രീയ-ഭരണ നിലപാടുകൾ രൂപപ്പെടുത്തുന്നതിൽ പരാജയപ്പെട്ട/ശ്രമിക്കാൻ അവസരം കിട്ടാതിരുന്ന, രാഷ്ട്രീയമായി അദൃശ്യമായിരുന്ന തൊഴിൽവർഗ്ഗത്തിന്റെ (Under class) രാഷ്ട്രീയസാദ്ധ്യതകൾ തെളിയിക്കപ്പെട്ട അവസരം കൂടിയായിരുന്നു ഇക്കഴിഞ്ഞ ഡൽഹി തെരഞ്ഞെടുപ്പ്. കായികാധ്വാനം ചെയ്ത് ജീവിക്കുന്ന അനവധി സ്ത്രീ പുരുഷൻമാർ ആവേശത്തോടെ ആം ആദ്മിപാർട്ടിക്കായി വാദിക്കുന്നത്, ധാരാളമായി അവരുടെ ജാഥകളിൽ പങ്കെടുക്കുന്നത് സ്ഥിരം കാഴ്ചയാവുകയും തെരഞ്ഞെടുപ്പിനോടടുത്ത ദിവസങ്ങളിൽ അതിന്റെ രാഷ്ട്രീയ മർദ്ദം കൂടുകയും ചെയ്തപ്പോഴാണ് ഇലക്ഷന്റെ തലേന്നാൾ ആം ആദ്മി പാർട്ടിക്ക് വോട്ടുചെയ്താൽ വോട്ടു പാഴാക്കുകയാവും എന്ന ബി.ജെ.പി. പ്രചരണം വന്നതെന്നതും ശ്രദ്ധേയമാണ്.

ആം ആദ്മി പാർട്ടി വെറുമൊരു നഗരകേന്ദ്രീകൃത മദ്ധ്യവർഗ്ഗത്തിന്റെ മിന്നൽ-ആൾക്കൂട്ടമാണെന്ന പ്രചരണം ശരിയല്ലെന്ന് വാദിക്കാനാണ് മേൽപ്പറഞ്ഞ വിവരങ്ങൾ പ്രസ്താവിച്ചത്. ശുദ്ധരാഷ്ട്രീയ അജൻഡയുടെ പച്ചയിലുള്ള ഹ്രസ്വജീവിയാണ് ആം ആദ്മിയെന്നും, രാഷ്ട്രീയത്തിലെ ഐറ്റം ഗേളാണ് ആ പാർട്ടിയെന്നുമുള്ള തരംതാണ വാദങ്ങൾ ശക്തമാകുന്ന സാഹചര്യത്തിൽ ആം ആദ്മിയുടെ വർഗ്ഗസ്വഭാവത്തെക്കുറിച്ച് എളുപ്പത്തിൽ ചില കാര്യങ്ങൾ സൂചിപ്പിക്കാം. അടിസ്ഥാന ജനതയുടെ ഏറിയപങ്കും നിത്യജീവിതത്തിന്റെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്ന പാർട്ടികളിൽനിന്ന് ഒഴിയുകയെന്ന തീരുമാനമെടുത്തപ്പോഴാണ് ആം ആദ്മി പാർട്ടി പ്രസ

ക്തമായതുതന്നെ. വിവിധ കമ്മ്യൂണിസ്റ്റ് പാർട്ടികളും, സോഷ്യലിസ്റ്റ് സ്വഭാവമുള്ള നഗര-കേന്ദ്രീകൃത സിവിൽ സംഘങ്ങളും തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുക്കുന്ന സ്ഥലമാണ് ഡൽഹി. വി.പി. സിംഗിന്റെ നേതൃത്വത്തിൽ ചേരികൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച ജൻചേതനാമഞ്ച്, കൽക്കാജി ട്രാൻസിറ്റ് ക്യാമ്പ് പൊളിക്കലിനെതിരെ ജനകീയ സമരം വിജയിപ്പിച്ച ജനകീയ സമിതി, രോഹിണി പ്രദേശത്ത് ഇലക്ഷനിൽ മത്സരിച്ച് എൻ.ജി.ഒ പ്രതിനിധികൾ അങ്ങനെ മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്ന് വ്യത്യസ്ഥരായവർ പരിമിതമായ വിജയങ്ങൾ നേടിയ ഇടത്താണ് ആം ആദ്മി പാർട്ടിയുടെ പുതുമുഖക്കാരും വോട്ടുകൾ നേടിയത്.

എ.എ.പി ഗവൺമെന്റിന്റെ ജല, വൈദ്യുതി അളവ്/നിരക്ക് പരിഷ്കരണത്തിന്റെ പ്രയോജനം പൂർണ്ണമായും മദ്ധ്യവർഗ്ഗക്കാർക്കാണ് എന്ന് വസ്തുനിഷ്ഠമായി സമർത്ഥിക്കുന്ന റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഒരു പക്ഷെ, ഈ ഗവൺമെന്റിന്റെ മദ്ധ്യവർഗ്ഗ പക്ഷപാതം യുക്തിഭദ്രമായി തെളിയിച്ചതും ഇതു സംബന്ധിച്ച ചർച്ചകളാണ്. എന്നാൽ ചേരി തകർക്കൽ (slum demolition) നിർത്തിവച്ചതും അനധികൃത കോളനികൾക്ക് സ്ഥിരം ലൈസൻസ് കൊടുക്കുമെന്ന് പ്രസ്താവിച്ചതും, വികസനത്തിനായി കുടിയിറക്കപ്പെട്ടാൽ ബദൽ സംവിധാനങ്ങൾ ഉറപ്പുവരുത്തിയശേഷം മാത്രം അപ്രകാരം ചെയ്യുകയുള്ളൂ എന്ന് നിഷ്ക്കർഷിച്ചതും ശ്രദ്ധേയമായ നീക്കങ്ങളാണ്. അവയാകട്ടെ ബഹുഭൂരിപക്ഷം അടിസ്ഥാന വിഭാഗങ്ങൾക്കും നേരിട്ട് ബാധകമാകുന്നവയാണ്.

വളരെ നാളുകളായുള്ള സാമൂഹ്യപ്രവർത്തനരീതിയുടെയും അതിന്റെ ഉള്ളിലൂടെ രൂപപ്പെട്ട ഒരു നവ-നഗര-ജനാധിപത്യ പ്രകൃതിയുടെയും പ്രയോഗത്തിന്റെയും വിജയമായാണ് എ.എ.പി സ്വീകാര്യതയെ നോക്കിക്കാണേണ്ടത്. വിവരാവകാശം, ആരോഗ്യരക്ഷ, ചേരിനശീകരണത്തിനെതിരായ രാഷ്ട്രീയ-നിയമ ബദൽ, നീതിന്യായവ്യവസ്ഥയുടെ സാമൂഹിക ധർമ്മം ഉറപ്പിക്കാനുള്ള ശ്രമങ്ങൾ, സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട നിരവധി സമരങ്ങൾ എന്നിങ്ങനെ പരമ്പരാഗത രാഷ്ട്രീയ ശക്തികൾ പ്രതിക്കൂട്ടിലായ സാഹചര്യങ്ങളിലെല്ലാം ഇടപ്പെടുന്ന ഒരു രാഷ്ട്രീയ-മനുഷ്യാവകാശ-മാനുഷിക കൂട്ടായ്മകൾ ബന്ധിപ്പിക്കപ്പെടുകയായിരുന്നു. അതുകൊണ്ടുതന്നെ ബദൽ എന്നത്, പരമ്പരാഗത ശക്തികളെ വച്ചുമാറ്റുന്ന ഉടമ്പടിയിലുള്ള പങ്കാളിത്തമല്ല മറിച്ച് അവയെത്തന്നെ മാറ്റി പുതിയതിനെ അവരോധിക്കുന്ന പ്രക്രിയയായി മാറുകയാണ് ചെയ്തത്. എ.എ.പി ഉയർത്തുന്ന വെല്ലുവിളി പാർലമെന്റ് തെരഞ്ഞെടുപ്പിലും ശക്തമായി നിലനിന്നാൽ രാജ്യസുരക്ഷാ വാദവും, പാക്കിസ്ഥാൻ വിരുദ്ധതയും മുഖ്യധാരാ പാർട്ടികളുടെ തെരഞ്ഞെടുപ്പു തന്ത്രമായി മാറാനും എ.എ.പിയുടെയും, മറ്റു ചെറു പാർട്ടികളുടെയും ശബ്ദം താഴ്ന്ന് പോകാനും സാധ്യതയുണ്ട്.

എ.എ.പിയുടെ വികേന്ദ്രീകരണ നയവും അതുപോലെ തന്നെ ജാതിവ്യവസ്ഥ, ജാതി സംവരണം എന്നിവയോടുള്ള നിലപാടുകളിലെ അവ്യക്തതയുമാണ് രാഷ്ട്രീയമായി പരിഗണിക്കപ്പെടേണ്ട അടിയന്തിര വിഷയങ്ങൾ. ഇക്കഴിഞ്ഞ ദിവസങ്ങളിൽ എ.എ.പി മന്ത്രിയുടെ വംശീയ വിദ്വേഷപരം എന്ന് ആരോപിക്കപ്പെട്ട നിലപാടുകളും, ആൾക്കൂട്ട നീതി നടപ്പാക്കിയതായി അവരോധിക്കപ്പെട്ട സംഭവത്തിൽ സ്ത്രീകൾക്കെതിരെ കൈക്കൊണ്ട അക്രമാസക്ത നിലപാടുകളും ആശങ്കയുണർത്തുന്നതാണ്. ജാതിസംവരണ വിഷയത്തിൽ ജനാധിപത്യപരമായി സംവദിക്കാതെ അക്രമാത്മക വിഭാഗങ്ങളുമായുള്ള എ.എ.പിയുടെ സംസർഗം ഏറെ മുമ്പ് തന്നെ സൂചിപ്പിക്കപ്പെട്ടതാണ്. സംവരണം നടന്നാൽ താണ ജോലിയായ തൂപ്പ് ജോലി ചെയ്യേണ്ടിവരുമെന്ന് പ്രകടമായ ദളിത് വിരുദ്ധതയോടെ  പ്രചരിപ്പിച്ച യൂത്ത് ഫോർ ഇക്വാലിറ്റിയോടുള്ള എ.എ.പിയുടെ മമത സമീപഭാവിയിൽത്തന്നെ പ്രധാന ചർച്ചാ വിഷയമായേക്കും.

കിഡ്കി ഗ്രാമത്തിൽ കഴിഞ്ഞയാഴ്ച എ.എ.പി മന്ത്രി സോംനാഥ് നടത്തിയ മിന്നൽ സന്ദർശനവും തുടർന്ന് ആ പ്രദേശത്തെ ജനങ്ങൾ ഉഗാണ്ടൻ സ്ത്രീകളെ തെരുവിൽ പലരീതിയിൽ അക്രമിച്ചതുമാണ് എ.എ.പിയുടെ രാഷ്ട്രീയത്തെ പരിശോധിക്കാൻ ലഭിച്ചിരിക്കുന്ന ഒരു സന്ദർഭം. പരമ്പരാഗത ആൺകോയ്മയും, വടക്കേ ഇന്ത്യൻ നഗരങ്ങളിൽ (ചുരുക്കം ചിലതിലൊഴികെ) വളരെ സജീവമായി നിലനിൽക്കുന്ന കറുപ്പു-വിരുദ്ധ മനോഭാവവും സമ്മേളിച്ചതിന്റെ  പ്രകടമായ സൂചനയാണ് ഈ സംഭവങ്ങൾ. മലയാളി നഴ്സുമാർക്കെതിരെ നടത്തിയ അധിക്ഷേപ-ഫലിതത്തിന് കുമാർ ബിശ്വാസ് എന്ന എ.എ.പി നേതാവ് മാപ്പു പറഞ്ഞ് തടിതപ്പിയതും ശ്രദ്ധിക്കുക. ജാതിവിവേചനത്തിന്റേയും സ്ത്രീവിരുദ്ധതയുടെയും സാന്നിദ്ധ്യം എ.എ.പിയുടെ സാമൂഹ്യ അംഗീകാരത്തെയും രാഷ്ട്രീയവളർച്ചയേയും തളർത്തുമെന്ന കാര്യത്തിൽ സംശയമില്ല. ■